(ബി) ഇല്ല

(സി) ഉണ്ട്

(ഡി) സംസ്ഥാന മറൈൻ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്താനുള്ള ബില്ലിൽ നിയമനിർമ്മാണം ആകാത്ത സാഹചര്യത്തിൽ ബോർഡിലെ ഒഴിവുള്ള സയന്റിഫിക് എഞ്ചിനീയറിംഗ് തസ്തികകളിലേക്കും മറൈൻ സ്റ്റീവിയർ തസ്തികകളിലേക്കും ഒറ്റത്തവണ നേരിട്ട് എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി മുഖേന നിയമനം നടത്താൻ സർക്കാർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഈ ഉത്തരവുകൾ നടപ്പിലാക്കുന്നതിൽ സാങ്കേതികമായ ചില അപ്രായോഗികത ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ 03.07.2015-ലെ സ.ഉ.(കൈ) നമ്പർ.10/2015/പരി. പ്രകാരം ടി നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്.

(ഇ) മറൈൻ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഉപയോഗശൂന്യമായ സി.എഫ്.ലാമ്പുകളുടെ നിർമ്മാർജ്ജനം

71 (3225) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതുസംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് തയ്യാറാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സി.എഫ്. ലാമ്പുകളുടെ റീ-സൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ& ബി) സി.എഫ്.എൽ., ട്യൂബ് ലൈറ്റ് എന്നിവ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനായി വിശദ പഠന റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കുന്നതിന് ഡൽഹിയിലെ ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ 2014-ൽ ചുമതലപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പരിഗണനാ വിഷയങ്ങൾ താഴെപ്പറയുന്നവയായിരുന്നു:

- കേരളത്തിന്റെ ഇത്തരത്തിലുള്ള വിളക്കുകളുടെ ഉപയോഗത്തെക്കുറിച്ച് പഠനം നടത്തി പരിസ്ഥിതി സൗഹൃദവും, ചെലവു കുറഞ്ഞതും കേരളത്തിന് അനുയോജ്യമായതും ലോക നിലവാരത്തിലുള്ളതുമായ റീസൈക്കിൾ മാതൃകകൾ കണ്ടെത്തുക.
- സി.എഫ്.എൽ., ട്യൂബ് ലൈറ്റുകൾ ഇവ ശേഖരിക്കുന്നതിനും സുരക്ഷിതമായി നശിപ്പിക്കുന്നതിനുമുള്ള പ്ലാന്റുകളുടെ വിന്യാസം നിർണ്ണയിക്കുക.
- ഇവയിൽ അടങ്ങിയിരിക്കുന്ന മെർക്കുറി വേർതിരിക്കൽ, അവയുടെ സംസ്കരണം എന്നിവയ്ക്ക് മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

തദനുസരണം ഐ.ആർ.ജി. സിസ്റ്റംസ് തയ്യാറാക്കിയ വിശദപഠന റിപ്പോർട്ട് 29-6-2015-ൽ തിരുവനന്തപുരത്ത് വച്ച് Pollution Control Board, KSUDP, Environment Department, KSEB, ANERT, Clean Kerala Company എന്നിവയിലെ ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. ഇതുസംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) റീ-സൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൂടി അടങ്ങിയ അന്തിമ റിപ്പോർട്ടാണ് തയ്യാറാക്കിവരുന്നത്.

മാവേലിക്കരയിലെ കോട്ടത്തോടിന്റെ നവീകരണം

72 (3226) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നഗരസഭയിൽ കോട്ടത്തോടിന്റെ നവീകരണത്തിന് മലിനീകരണ നിയന്ത്രണ വകുപ്പിൽ നിന്നും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; അടിയന്തരമായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാവേലിക്കര നഗരസഭയിലെ കോട്ടത്തോടിന്റെ നവീകരണത്തിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2013-14 വർഷത്തെ പ്ലാൻ

LIBRARY ARCHIVES Kerala Legislative Assembly